ഡിപ്പാർട്ട്മെന്റ് അധികാരികൾക്ക് ബോദ്ധ്യമാകത്തക്കവിധത്തിൽ കേടുപാടുകളും തകരാറുകളും പരിഹരിക്കണമെന്നും കരാറിൽ വ്യവസ്ഥചെയ്യാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മേലിൽ ഉണ്ടാകുന്ന കരാറുകളിൽ ഇത്തരം വ്യവസ്ഥകൾ ചേർക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്രകാരം വ്യവസ്ഥ ചെയ്യാറുണ്ട്.

(ബി & സി) ഉദിക്കുന്നില്ല.

തൃശ്ശൂർ-കൊടുങ്ങല്ലൂർ സ്റ്റേറ്റ്ഹൈവേ റോഡ്, പെരുമ്പിളിശ്ശേരി-തൃപ്രയാർറോഡ് എന്നിവയുടെ പണി

46 (1985) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേൾഡ് ബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്ന തൃശ്ശൂർ-കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവേ റോഡ്, പെരുമ്പിളിശ്ശേരി-തൃപ്രയാർ റോഡ് എന്നിവയുടെ പണി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ രണ്ട് റോഡിന്റേയും നിർമ്മാണത്തിനായി ചെലവായ സംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) കനാലുകൾ ഡ്രെയിനേജ്, കലുങ്ക് എന്നിവയുടെ നിർമ്മാണ ജോലികൾ പൂർത്തിയായിട്ടില്ല എന്നത് കണക്കിലെടുത്ത് അത്തരം പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത റോഡുകളുടെ ഗ്യാരണ്ടി കാലാവധി എത്ര വർഷമാണ് ; ഈ കാലയളവിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) രണ്ടു റോഡുകളുടേയും പണി ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 441.86 ലക്ഷം (30-6-2003 വരെ)

(സി) ഈ പദ്ധതിയിൽ കനാലുകൾ, കലുങ്കുകൾ എന്നിവയുടെ മെയിന്റനൻസ് പണികൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സൈഡ് ഡ്രെയിനേജ് പണികൾ മറ്റു മെയിന്റനൻസ് പണികൾക്കൊപ്പം പൂർത്തീകരിക്കുന്നതാണ്.

(ഡി) ഒരു വർഷം. ഈ കാലഘട്ടത്തിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ കോൺട്രാക്ടറുടെ ചുമതലയിൽതന്നെ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly